"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- മഞ്ചേരി നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിലിരിക്കെ വിരമിച്ച ശ്രീ. കെ.പി. രാജേന്ദ്രനെതിരെയുള്ള വിജിലൻസ് കേസുകളിലെ ഉത്തരവുപ്രകാരം തുടർനടപടി സ്വീകരിക്കുന്നത്- അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2984/2022/LSGD തീയതി,തിരുവനന്തപുരം, 02-12-2022

---

പരാമർശം:-

1. CC 31/2005 ,CC 37/2005, CC 17/2013 എന്നീ നമ്പർ വിജിലൻസ് കേസുകളിൽ ബഹു. കോഴിക്കോട് വിജിലൻസ് കോടതിയുടെ 30.04.2016 തീയതിയിലെ ഉത്തരവ്.
2. CC 60/2016 നമ്പർ വിജിലൻസ് കേസിൽ ബഹു. തലശ്ശേരി വിജിലൻസ് കോടതിയുടെ ഉത്തരവ്.
3. നഗരകാര്യഡയറക്ടറുടെ 24.07.2017 തീയതിയിലെ വി2-24288/2001 നമ്പർ കത്ത്.
4. 18.12.2021 തീയതിയിലെ ഇയു2-173/2016-തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

**ഉത്തരവ്**

മഞ്ചേരി നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിലിരിക്കെ 31.05.2015 ൽ വിരമിച്ച ശ്രീ. കെ.പി. രാജേന്ദ്രനെതിരെയുള്ള വിജിലൻസ് കേസുകളിലെ വിജിലൻസ് കോടതികളുടെ പരാമർശം (1) (2) പ്രകാരമുള്ള ഉത്തരവുകളിലെ കണ്ടെത്തലുകളുടെയും വിധിച്ച ശിക്ഷയുടേയും അടിസ്ഥാനത്തിൽ, ശ്രീ.കെ.പി.രാജേന്ദ്രനെതിരെ ആരംഭിച്ച നടപടി, കെ.എസ്.ആർ ഭാഗം 3 ചട്ടം 59 (d) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപാ വീതം ആജീവനാന്തം കുറവ് വരുത്തി തീർപ്പാക്കുന്നതിന് താൽക്കാലികതീരുമാനമെടുത്ത് ടിയാന് പരാമർശം(4 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് ടിയാൻ മറുപടി സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 31.05.2015 -ൽ വിരമിച്ച ശ്രീ. കെ.പി. രാജേന്ദ്രനെതിരെ കെ.എസ്.ആർ ഭാഗം 3 ചട്ടം 59 (d) പ്രകാരം കഠിനശിക്ഷ എന്ന നിലയിൽ പെൻഷനിൽ നിന്നും തുക കുറവ് വരുത്തി തീർപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തേണ്ടതുണ്ട്. ആയതിനാൽ മഞ്ചേരി നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിലിരിക്കെ വിരമിച്ച ശ്രീ. കെ.പി. രാജേന്ദ്രനെതിരെയുള്ള ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി

ച്ചമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDUMOLE M
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
കോഴിക്കോട് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ,(നഗരകാര്യ ഡയറക്ടർ മുഖേന).
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 02-12-2022 16:04:00**
സെക്ഷൻ ഓഫീസർ